**പതിനാലാം കേരള നിയമസഭ**
**അഞ്ചാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 3855

15.05.2017- ൽ മറുപടിയ്ക്ക്

## പുളിയിലപ്പാറയിലെ 110 കുടുംബങ്ങൾക്ക് പട്ടയം നൽകുന്നതിനുള്ള നടപടി

| ചോദ്യം<br>ശ്രീ.ബി.ഡി.ദേവസ്സി | | മറുപടി<br>ശ്രീ.ഇ.ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) |
|---|---|---|
| എ) അതിരപ്പിള്ളിപഞ്ചായത്തിലെ പുളിയിലപ്പാറയിലെ 110 ഓളം വരുന്ന കുടുംബങ്ങൾക്ക് പട്ടയം നൽകുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണ് എന്നറിയിക്കാമോ;<br><br>ബി) ഇവർക്ക് 50 സെന്റിൽ കൂടാത്ത തരത്തിൽ ഭൂമിയ്ക്ക് പട്ടയം നൽകുന്നതിനാവശ്യമായ നടപടികൾ കൈക്കൊള്ളുന്നതിന് മുഖ്യമന്ത്രിയുടേയും അഞ്ച് മന്ത്രിമാരുടേയും സാന്നിദ്ധ്യത്തിൽ കൂടിയ യോഗത്തിന്റെ തീരുമാനപ്രകാരം എന്ത് നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; | (എ)<br>&<br>(ബി) | ബഹു.റവന്യൂ - ഭവന നിർമ്മാണ വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ 03/11/2016-ൽ ബന്ധപ്പെട്ട വകുപ്പുതല ഉദ്യോഗസ്ഥന്മാരുടെ സാന്നിദ്ധ്യത്തിൽ കൂടിയ യോഗതീരുമാനപ്രകാരം, വനഭൂമി കയ്യേറിയ 116 പേരുടെ ലിസ്റ്റ് ഉണ്ടാക്കി പരമാവധി 50 സെന്റിൽ പരിമിതപ്പെടുത്തി ഭൂമി പതിച്ച് നൽകുന്നതിനുള്ള നടപടിയുമായി ബന്ധപ്പെട്ട് അതിർത്തി നിർണ്ണയിച്ച് രേഖയും, പകരം ആവശ്യമായ ഭൂമി വനം വകുപ്പിന് കൈമാറുന്നതുൾപ്പെടെയുള്ള വിശദമായ പ്രൊപ്പോസൽ നല്കുന്നതിനുള്ള നടപടി നിർദ്ദേശങ്ങൾ ചാലക്കുടി തഹസിൽദാർക്കും, ഇക്കാര്യത്തിൽ ആവശ്യമായ മേൽ നടപടികൾ സ്വീകരിക്കുന്നതിന് തൃശ്ശൂർ സർവ്വെ ഡെപ്യൂട്ടി ഡയറക്ടർക്കും, വാഴച്ചാൽ ഡിവിഷണൽ ഫോറസ്റ്റ് ആഫീസർക്കും നൽകിയിട്ടുള്ളതും സർവ്വെ വകുപ്പ് മുഖേന സർവ്വെ നടപടികൾ ആരംഭിച്ചിട്ടുള്ളതുമാണ്. |
| സി) നടപടികൾ പൂർത്തിയാക്കി ഇവർക്ക് പട്ടയം നൽകുന്നതിന് ആവശ്യമായ അടിയന്തിര നടപടികൾ സ്വീകരിക്കുമോ? | (സി) | ബന്ധപ്പെട്ട വകുപ്പുകൾ മുഖേന നടപടിക്രമങ്ങൾ പൂർത്തീകരിച്ച് പട്ടയം നൽകുന്നതാണ്. |

സെക്ഷൻ ഓഫീസർ